**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4066 24.06.2019 -ലെ മറുപടിക്ക്**

**പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പാർപ്പിടപ്രശ്നം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.വി.ടി.ബൽറാം** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ ഇടയിലെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് വകുപ്പ തലത്തിൽ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; | (എ) | ഈ സർക്കാർ വന്നശേഷം 23801 വീടുകൾ പട്ടികജാതി വികസന വകുപ്പ് അനുവദിച്ചു. 09.02.2018-ലെ സ.ഉ.(കൈ) 15/2018/പജപവവിവ പ്രകാരം പട്ടികജാതി ഗുണഭോക്താക്കൾക്കുള്ള ഭവനനിർമ്മാണ ധനസഹായം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം ധനസഹായം അനുവദിക്കുന്നത്. 6130 വീടുകൾ 2018-19 ൽ ലൈഫ്മിഷൻ അനുവദിച്ചു. ഇതിലേയ്ക്കുള്ള വകുപ്പിന്റെ വിഹിതമായ 61.30 കോടി രൂപ ലൈഫ് മിഷന് നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം.15/2019/പജപവവിവ പ്രകാരം നിർമ്മാണം പൂർത്തീകരിക്കാത്ത 5000 ഗുണഭോക്താക്കളുടെ ഭവനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി 1,50,000/- രൂപയും, 19.06.2019-ലെ സ.ഉ.(സാധാ) നം.536/2019/പജപവവിവ പ്രകാരം അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഭവന പുനരുദ്ധാരണത്തിന് 1,50,000/- രൂപയും അനുവദിച്ചിട്ടുണ്ട്. മാത്രവുമല്ല, 2007-08 മുതൽ 2017-18 വരെ അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ ഭവനങ്ങൾക്ക് നിലവിലെ യൂണിറ്റ് കോസ്റ്റിന് ആനുപാതികമായ തുകയും അനുവദിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗക്കാരുടെ പാർപ്പിടപ്രശ്നം |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനായി ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധു കല്യാൺ യോജന പദ്ധതികൾ 2016-17 വർഷം മുതൽ ആവിഷ്കരിച്ചിട്ടുണ്ട്. സർവ്വെയിലൂടെ കണ്ടെത്തിയ അർഹരായ 6025 ഗുണഭോക്താക്കൾക്ക് 2018-19 മുതൽ ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നു. |
| (ബി) | 2018-19 സാമ്പത്തികവർഷം മുതൽ വകുപ്പ് നേരിട്ട് ഇടപെടാതെ ലൈഫ് മിഷൻ പദ്ധതി വഴി ഭവന നിർമ്മാണത്തിനുള്ള ധന സഹായം നൽകുവാൻ സ്വീകരിച്ച നടപടി സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് അർഹതപ്പെട്ട അനുപാതത്തിൽ വീട് ലഭിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; | (ബി) | റേഷൻ കാർഡ് ഇല്ലാത്തതും കൈവശാവകാശത്തിലുള്ള പ്രശ്നങ്ങളും മൂലം ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിന് വകുപ്പിന്റെ കീഴിൽ പ്രത്യേക ഫണ്ട് അനുവദിച്ച് നേരത്തേ നടപ്പിലാക്കിയിരുന്ന രീതിയിൽ ഇവർക്കായുള്ള ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനം എടുക്കുമോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ